**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 312** **16-09-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റേഷൻ വിതരണ സംവിധാനം ആധുനികീകരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് റേഷൻ വിതരണ സംവിധാന ആധുനികീകരിക്കുന്നതിന് വേണ്ടി 2018 മെ മാസം മുതൽ സംസ്ഥാനത്തെ 14000 ത്തോള വരുന്ന റേഷൻകടകളിൽ ഇപോസ് മെഷീനുക സ്ഥാപിക്കുകയുണ്ടായി. ഇപോസ് മെഷീനുക സ്ഥാപിച്ചത് വഴി റേഷൻ വിതരണത്തി സുതാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. AePD സംവിധാനം വഴി ഓരോ ഗുണഭോക്താക്കൾക്ക തങ്ങൾക്ക് ലഭിക്കാനുള്ള ഭക്ഷ ധാന്യങ്ങളെക്കുറിച്ചും കടയിലെ സ്റ്റോക വിവരങ്ങളെക്കുറിച്ചുമെല്ലാം ഓൺലൈനാ അറിയാൻ സാധിക്കുന്നുണ്ട്. ബയോമെട്രി ഓതേന്റിക്കേഷൻ വഴി ഇപോസ് മെഷീനിലൂ ആണ് ബില്ലിംഗ് നടത്തുന്നത്. മാനുവൽ ബില്ലിം സംവിധാനം പൂർണ്ണമായും ഒഴിവാക്കാ സാധിച്ചിട്ടുണ്ട്. കൂടാതെ ഇലക്ട്രോണിക് വെയിം സ്കെയിൽ ഇപോസുമായി ബന്ധിപ്പിക്കുന്നതോ പൂർണ്ണമായും ഓരോ ഗുണഭോക്താവിനു കൃത്യമായ അളവിൽ ഭക്ഷ്യധാന്യങ്ങ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കാൻ സാധിക്കു ബ്ലൂടൂത്ത്, USB കേബിൾ എന്നിവ വ ഇലക്ട്രോണിക് വെയിംഗ് മെഷീനിൽ നിന്നു ഓട്ടോമാറ്റിക് ആയി തന്നെ ഭക്ഷ്യധാന്യങ്ങളു തൂക്കം ഇപോസ് മെഷീനിൽ കാണിക്കുന്നതാണ കൃത്യമായ അളവിൽ ഓരോ ഗുണഭോക്താവിനു അനുവദിച്ചിട്ടുള്ള ഭക്ഷ്യ ധാന്യങ്ങൾ തൂക്ക നൽകിയാൽ മാത്രമേ ഇപോസ് മെഷീനി ബില്ലിംഗ് സാധ്യമാകൂ എന്ന രീതിയിലാണ് സോ വെയർ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാ തൂക്കത്തിൽ യാതൊരു വിധ ക്രമക്കേടുക നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കു |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസിലെ 10 റേഷൻ കടകളിൽ പൈല അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധ നടപ്പിലാക്കിയിട്ടുണ്ട്.<br>ഇലക്ട്രോണിക് വെയിംഗ് സ്കെയിര പർച്ചേസുമായി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ ഇ-ടെണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ട നടപടികൾ പൂർത്തിയാക്കിയാലുടൻ തന്നെ എല്ല റേഷൻ കടകളിലും ഇലക്ട്രോണിക് വെയിം മെഷീൻ ഇപോസുമായി ബന്ധിപ്പിക്കാ സാധിക്കുന്നതാണ്. |
| (ബി) | മാറിവരുന്ന സാമൂഹിക, സാമ്പത്തിക ഘടകങ്ങൾക്കനുസരിച്ച് അർഹരായവരെ ഉൾപ്പെടുത്തികൊണ്ട് റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | Kerala Food Security Rules 2018 ഖണ്ഡിക ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങ ഖണ്ഡിക 7ൽ അർഹതാ മാനദണ്ഡങ്ങ നിശ്ചയിച്ചിട്ടുണ്ട്. ആയതിൻപ്രകാരമാ നിലവിൽ സംസ്ഥാനത്ത് മുൻഗണന കാർഡുകൾ അനുവദിച്ചുവരുന്നര എന്നിരുന്നാലും ഒഴിവാക്കൽ മാനദണ്ഡങ്ങളിര ഉൾപ്പെടുന്ന കുടുംബങ്ങളുടെ ഗുരുതരരോഗബാ ഭിന്നശേഷി, സാമ്പത്തിക സാമൂഹി പിന്നോക്കാവസ്ഥ എന്നിവ പരിശോധി. മെരിറ്റടിസ്ഥാനത്തിൽ കുടുംബങ്ങളെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്താൻ 27.10.2020-ലെ 319/2020/ഭ.പൊ.വി.വ സർക്കാർ ഉത്തര പ്രകാരം പൊതുവിതരണ ഉപഭോക്തൃകാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതി പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിര ഉൾപ്പെടുന്നതും അർഹരുമായ കുടുംബങ്ങളു കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തര മാറ്റി നല്കിവരുന്നുണ്ട്. |
| (സി) | മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഉണഭോക്താക്കളെ കണ്ടെത്തുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്നും അതുമൂലം എത്ര റേഷൻകാർഡുകൾ തരംമാറ്റി നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | (1) Kerala Food Security Rules 201 ഖണ്ഡിക 6 ൽ മുൻഗണനാ ഒഴിവാക്ക മാനദണ്ഡങ്ങളും ഖണ്ഡിക 7 - ൽ അർഹത മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടു ആയതിൻപ്രകാരമാണ് നിലവിൽ സംസ്ഥാനത മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്.<br>(2) താഴെപ്പറയുന്ന മാനദണ്ഡങ്ങളിര ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിര നിന്നും ഒഴിവാക്കുന്നുണ്ട്.<br>a) സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാ അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളി |

ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ
ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർ
ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാ
ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5,000
രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവ
10,000/- രൂപയിൽ താഴെ സ്വാതന്ത്ര്യ സമ
പെൻഷൻ വാങ്ങുന്നവർ ഒഴികെ)

b) ആദായ നികുതി ഒടുക്കുന്നവർ,

c) പ്രതിമാസ വരുമാനം 25000/- രൂപ
മുകളിലുള്ളവർ,

d) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവ
(പട്ടിക വർഗ്ഗക്കാർ ഒഴികെ)

e) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേ
വിസ്തീർണ്ണമുള്ള ഫ്ളാറ്റോ വീടോ ഉള്ളവർ.

f) നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവ
(ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)

g) കുടുംബത്തിൽ ആർക്കെങ്കിലും വിദേ
ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപ
ജോലിയിൽ നിന്നോ 25,000/- രൂപയിൽ
അധികം പ്രതിമാസ വരുമാനം ഉള്ളവർ.

(3) താഴെപ്പറയുന്നവ പരിശോധി
യോഗ്യതയുണ്ടെങ്കിൽ പട്ടികയിൽ
ഉൾപ്പെടുത്തുന്നുണ്ട്.

a) പരമ്പരാഗത അസംഘടി
തൊഴിലാളികളുടെ കുടുംബങ്ങൾ.

b) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ
മാനദണ്ഡങ്ങൾ പ്രകാരം ബി.പി.എൽ പട്ടികയിൽ
ഉൾപ്പെട്ട കുടുംബങ്ങൾ (സാമ്പത്തിക സ്ഥിതിയിൽ
മാറ്റം വന്നിട്ടില്ലെങ്കിൽ)

c) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവ
(തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പട്ടിക പ്രകാരം
സാമ്പത്തിക അവസ്ഥയ്ക്ക് വലിയ ഉയർ
ഉണ്ടായിട്ടില്ലെങ്കിൽ)

d) പട്ടിക വർഗ്ഗം (ഖണ്ഡിക 2 (
യിൽപ്പെടുന്നവർ ഒഴികെ)

e) കുടുംബത്തിൽ ആർക്കെങ്കിലും മാരകമാ
രോഗങ്ങളായ എയിഡ്സ്, കാൻസർ, ഓട്ടിസ
ഗുരുതരമായ ശാരീരിക, മാനസി
വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠ
എൻഡോസൾഫാൻ ബാധിത
ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി
ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ
വിധേയരായവർ, പക്ഷാഘാതം പോലുള
രോഗബാധയാൽ പരസഹായമില്ലാതെ
ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന

| | | | |
|---|---|---|---|
| | | | ശയ്യാവലംബരായവരും.<br>f) നിർദ്ധനയും നിരാലംബയുമായ സ്<br>ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയാ<br>(21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാ<br>ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയാ<br>അമ്മ / ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാ<br>നയിക്കപ്പെടുന്ന കുടുംബങ്ങൾ.<br><br>ഇതുകൂടാതെ<br><br>1) പരമ്പരാഗത തൊഴിൽ മേഖല, അസംഘടി<br>തൊഴിൽ മേഖല എന്നിവയ്ക്ക് പ്രത്യേകമായ<br>എസ്.ടി.എസ്.സി തുടങ്ങിയ സാമൂഹ<br>സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കായുള<br>പരിഗണനകൾക്ക് പ്രത്യേകമായും മാർക്ക് നൽക<br>ഉൾപ്പെടുത്തുന്നുണ്ട്.<br>2) തൊഴിൽ രഹിതർ എന്ന നിലയിൽ മാർക<br>നൽകുന്നത് കുടുംബനാഥൻ/നാഥ വീട്ടിലെ<br>മുതിർന്ന സംരക്ഷണ ചുമതലയുള്ള അംഗ<br>എന്നിവർക്കായി പരിമിതപ്പെടുത്തുന്നു.<br>3) ഇപ്രകാരം അർഹരെ ഉൾപ്പെടുത്തുന്നതിന<br>അന്വേഷണം നടത്തി അനർഹരെ<br>ഒഴിവാക്കുന്നതിനും അങ്ങനെ വരുന്ന മാറ്റങ്ങ<br>സർക്കാർ അനുമതിയോടെ ലിസ്റ്റിൽ<br>ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ<br>പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണ<br>അടിയന്തിരമായി സ്വീകരിച്ചു വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതി<br>ശേഷം മുൻഗണനാ വിഭാഗത്തിലേയ്ക്ക് തരം മാ<br>നൽകിയ റേഷൻ കാർഡുകളുടെ വിവരം ചുവ<br>ചേർക്കുന്നു.<br><br>AAY(മഞ്ഞ) കാർഡുകൾ - 58,329<br><br>PHH(പിങ്ക്) കാർഡുകൾ - 5,15,460<br><br>**ആകെ - 5,73,789** |
| (ഡി) | കാർഡുകൾ തരംമാറ്റുന്നതിന് അവസരം ലഭിക്കാതിരുന്നവർക്ക് വീണ്ടും അവസരമൊരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഉണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയാണ്. ഫീൽഡ് പരിശോധനയിലൂടെയും, പരാതിയുടെ അടിസ്ഥാനത്തിലുള്ള പരിശോധനയിലൂടെയും അനർഹരെ കണ്ടെത്തി മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നത് വഴിയും, അനർഹമായ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിലൂടെയും ലഭ്യമാകുന്ന ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തി വരുന്നു. മുൻഗണന പരിവർത്തനത്തിനുള്ള നടപടികൾ സുതാര്യവും, പരാതിരഹിതമാക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | അർഹരായവർക്ക് തുല്യ അവസരം നൽകുന്നതിനുമായി അപേക്ഷകൾ ഓൺലൈൻ മുഖേനയാണ് സ്വീകരിച്ചുവരുന്നത്. 22/09/2025 മുതൽ സിറ്റിസൺ ലോഗിൻ മുഖേനയോ അക്ഷയ കേന്ദ്രം വഴിയോ അർഹരായ കുടുംബങ്ങൾക്ക് മുൻഗണനാ പരിവർത്തനത്തിന് ഓൺലൈൻ അപേക്ഷകൾ വഴി സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ